വാർത്തകളുടെ ലോകത്ത് കോഴിക്കോടിന്റെ പഴമക്കാലം ഓർത്തെടുക്കുകയാണ് മുതിർന്ന മാധ്യമപ്രവർത്തകൻ ടി.വേണുഗോപാൽ. അദ്ദേഹത്തിന്റെ നഗരസ്മൃതികളിലൂടെ...

ടി.വേണുഗോപാൽ

കോഴിക്കോടിന്റെ കോലായയിൽ

എന്റെ നഗരം

■ പി.എസ്. രാകേഷ്

1947 ലെ സാഹിത്യപരിഷത്ത് സമ്മേളനം. കോഴിക്കോടിനെക്കുറിച്ചുള്ള എന്റെ ഓർമകൾക്ക് സ്വാതന്ത്ര്യപ്പിറവിയോളം ദൂരമുണ്ട്. പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞ് വീട്ടിലിരിക്കുന്ന സമയം. കോഴിക്കോട് സാഹിത്യപരിഷത്ത് സമ്മേളനം നടക്കുന്നുവെന്ന് കേട്ടപ്പോൾ ഒന്ന് പോയാലെന്താ എന്നായി ചിന്ത. സുഹൃത്തും സഹപാഠിയുമായ എം.ജി.എസ്. നാരായണനെയും കൂട്ടി നേരെ കോഴിക്കോട്ടേക്ക് തിരിച്ചു, സാമൂതിരി സ്കൂളിലെ സമ്മേളനസ്ഥലത്തെത്തിയപ്പോൾ ഒരു പൂരത്തിനുള്ള ആളുണ്ടവിടെ. എസ്.കെ. പൊറ്റെക്കാട്ട്, തിക്കോടിയൻ, തെരുവത്ത് രാമൻ തുടങ്ങിയ സംഘാടകർ ഓടിനടക്കുന്നു.

മുഖ്യാതിഥിയായ വള്ളത്തോൾ എത്തിയില്ലെങ്കിലും സാഹിത്യരംഗത്തെ ഒരുപാടു പ്രമുഖർ സമ്മേളനവേദിയിലുണ്ട്. ജോസഫ് മുണ്ടശ്ശേരി, ജി. ശങ്കരക്കുറുപ്പ്, പൊൻകുന്നം വർക്കി, കുട്ടികൃഷ്ണമാരാർ, സി. അച്യുതക്കുറുപ്പ്, വി.വി.കെ. നമ്പ്യാർ, ഉബൈദ്..... പുരോഗമനസാഹിത്യത്തെക്കുറിച്ചുള്ള ചൂടേറിയ ചർച്ചയാണ് നടന്നത്. കുട്ടികൃഷ്ണമാരാർ പുരോഗമനപ്രസ്ഥാനത്തെ ശക്തമായി എതിർക്കുന്നയാളാണ്. മാരാരുടെ വിമർശനശരങ്ങളെ തകർത്തെറിഞ്ഞുകൊണ്ട് ജോസഫ് മുണ്ടശ്ശേരി നടത്തിയ അതിമനോഹരമായ പ്രസംഗം ഇപ്പോഴും മനസ്സിലുണ്ട്.

പത്താം ക്ലാസിനുശേഷം ഇൻറർമീഡിയറ്റിനായി വീണ്ടും കോഴിക്കോട്ടെത്തി. സാമൂതിരി സ്കൂളിലായിരുന്നു പഠനം. അന്നും എം.ജി.എസ്സുണ്ടായിരുന്നു ഒപ്പം. തുടർന്ന് തൃശ്ശൂർ കേരളവർമകോളേജിൽ ബിരുദപഠനം. അതിനുശേഷമാണ് 'മാതൃഭൂമി'യിൽ പത്രപ്രവർത്തകനായി ജോലി കിട്ടി കോഴിക്കോട്ടെത്തുന്നത്. 1952 ജനവരി ഒന്നിനായിരുന്നു അത്.

അന്ന് മാതൃഭൂമി, ചന്ദ്രിക, ദേശാഭിമാനി, പൗരശക്തി എന്നീ നാലു പത്രങ്ങളാണ് ഈ നഗരത്തിൽ നിന്നിറങ്ങുന്നത്. നാലു പേജ് മാത്രമേയുണ്ടാകൂ പത്രങ്ങൾക്ക്. അതിൽ മുഴുവൻ ദേശീയ, വിദേശവാർത്തകൾ. പ്രാദേശിക വാർത്തകൾ തീരെ കുറവ്. വി.എം. നായർ മാതൃഭൂമി സാരഥിയായിരുന്നപ്പോഴാണ് രണ്ടുകോളം പ്രാദേശികവാർത്തകൾക്കായി നീക്കിവെച്ചു തുടങ്ങിയത്. ഒന്നാം പേജിൽ മുക്കാൽ ഭാഗവും പരസ്യങ്ങളാകും. രാത്രി പത്തുമണിക്ക് ആദ്യഎഡിഷൻ അച്ചടിക്കും. ദൂരദിക്കുകളിലേക്ക് ബസ്സിലും ട്രെയിനിലുമാണ് പത്രമെത്തിക്കുക.

സി.എച്ച്. കുഞ്ഞപ്പ, പി.കെ.രാമൻ, എ.ആർ. മേനോൻ, വി.എം. കൊറാത്ത്, കെ.ആർ. പണിക്കർ, എം. ശിവശങ്കരൻ എഴുത്തച്ഛൻ തുടങ്ങിയവരാണ് പത്രാധിപസമിതിയിലുണ്ടായിരുന്നത്.

ഞാൻ ചേർന്ന് ആറുമാസം കഴിഞ്ഞപ്പോൾ വിംസി എന്ന വി.എം. ബാലചന്ദ്രനും സുകുമാരൻ പൊറ്റെക്കാട്ടും ഇപ്പോഴത്തെ പീരിയോഡിക്കൽസ് പത്രാധിപർ കെ.കെ. ശ്രീധരൻനായരും മാതൃഭൂമിയിലെത്തി. ഞങ്ങളെല്ലാവരും പെട്ടെന്ന് കൂട്ടായി. അന്നൊക്കെ കോഴിക്കോട്ടെ മിക്ക സാംസ്കാരികപരിപാടികളിലും പ്രധാനപ്രാസംഗികർ മാതൃഭൂമി പത്രാധിപസമിതിയംഗങ്ങളാകും. വൈകുന്നേരങ്ങളിൽ ഡെസ്കിലെ ഒന്നിലധികം പേർ പ്രസംഗിക്കാൻ പുറത്തുപോകും. അവരുടെ ജോലി കൂടി ബാക്കിയുള്ളവർ ഏറ്റെടുത്തുചെയ്യുകയാണ് പതിവ്.

അക്കാലത്ത് പ്രധാനപരിപാടികളൊക്കെ റിപ്പോർട്ട് ചെയ്യാൻ സബ്-എഡിറ്റർമാരാണ് പോകുക. ലോക്കൽ വാർത്തകൾ ശേഖരിക്കലാണ് റിപ്പോർട്ടർമാരുടെ ജോലി. കണ്ണൂരിൽ പാമ്പൻ മാധവൻ, തൃശ്ശൂരിൽ ആർ. കൃഷ്ണൻകുട്ടി, തിരുവനന്തപുരത്ത് ചൊവ്വര പരമേശ്വരൻ ... ഇവർ മാത്രമായിരുന്നു കേരളത്തിൽ അറിയപ്പെടുന്ന റിപ്പോർട്ടർമാർ. പ്രധാനമന്ത്രി ജവാഹർലാൽ നെഹ്രുവിന്റെ രണ്ടു തവണത്തെ കേരളസന്ദർശനം റിപ്പോർട്ട് ചെയ്യാനുള്ള അവസരം ലഭിച്ചത് എനിക്കായിരുന്നു. വാർത്തകൾ ശേഖരിക്കാനും എത്തിക്കാനുമൊക്കെ ഇന്നത്തെപോലെ യാതൊരു സാങ്കേതികസൗകര്യങ്ങളുമില്ലാത്ത കാലമായിരുന്നുഅത്. ലേഖകൻമാർ ടെലിഫോണിലൂടെയോ ടെലിഗ്രാമടിച്ചോ വാർത്തകൾ ഓഫീസിലെത്തിക്കണം. ഒരു തവണ നെഹ്രു പ്രത്യേകതീവണ്ടിയിൽ കേരളപര്യടനം നടത്തിയപ്പോൾ റിപ്പോർട്ടറായി ഞാനും അനുഗമിച്ചു. ഓരോ സ്റ്റേഷനെത്തുമ്പോഴും നെഹ്രു ഇറങ്ങി പ്രസംഗിക്കും. റിപ്പോർട്ടർമാർ കൂടെയിറങ്ങി പ്രസംഗം കുറിച്ചുവെക്കും. നെഹ്രു ഉച്ചഭക്ഷണത്തിനായി വിശ്രമിക്കുന്ന സമയത്ത് മുഴുവൻ റിപ്പോർട്ടർമാരും അടുത്തുള്ള കമ്പിയാപ്പീസിലേക്ക് ഓടും. ആദ്യമെത്തുന്നയാൾക്കേ വാർത്ത അയയ്ക്കാൻ സൗകര്യം ലഭിക്കൂ എന്നതുകൊണ്ടാണ് ഈ കൂട്ടയോട്ടം. എത്രയും പെട്ടെന്ന് പണിപൂർത്തിയാക്കി തിരിച്ച് ട്രെയിനിലെത്തിയില്ലെങ്കിൽ നെഹ്രു ആ വഴിക്കു പോകും. പത്രക്കാർ മുഴുവൻ തലങ്ങുംവിലങ്ങുമോടുന്ന അക്കാലമോർക്കുമ്പോൾ ചിരി വരും.

ചാലപ്പുറത്ത് വീട് വാടകയ്ക്കെടുത്തായിരുന്നു താമസം. ഒപ്പം കെ.കെ. ശ്രീധരൻനായരും എം.ജി.എസ്. നാരായണനും. എം.ജി.എസ്. അന്ന് കോഴിക്കോട്ട് കോളേജധ്യാപകനാണ്. 1968 ൽ വിവാഹം കഴിഞ്ഞതിനുശേഷം ഞാൻ സ്വന്തമായി വീടെടുത്തു മാറി.

ഈ നഗരത്തിലെത്തി ഏതാനും വർഷങ്ങൾക്കുള്ളിൽ തന്നെ ഇവിടത്തെ സാഹിത്യകാരൻമാരുമായി സൗഹൃദത്തിലായി. അതിന്റെ ഫലമായാണ് 'കോലായ' എന്ന കൂട്ടായ്മ രൂപപ്പെടുന്നത്. 1964 മുതൽക്കായിരുന്നു അത്. കവി ആർ.രാമചന്ദ്രൻ, എൻ.എൻ. കക്കാട്, അക്കിത്തം, എൻ.പി. മുഹമ്മദ്, എം.ജി.എസ്. നാരായണൻ, ടി.കെ. രവീന്ദ്രൻ, ആർട്ടിസ്റ്റ് നമ്പൂതിരി, പിന്നെ ഞാനും..... ഇത്രയും പേരായിരുന്നു കോലായക്കൂട്ടത്തിലെ അംഗങ്ങൾ. എല്ലാ ഞായറാഴ്ചകളിലും ഏതെങ്കിലുമൊരു അംഗത്തിന്റെ വീട്ടിൽ എട്ടംഗസംഘം ഒത്തുചേരും. രാവിലെ മുതൽ രാത്രി വരെ പിന്നെ സാഹിത്യചർച്ചകളും സൊറപറച്ചിലുമാണ്. പുതിയസിനിമകളെക്കുറിച്ചും ചർച്ചകളുണ്ടാകും. അംഗങ്ങളുടെ സാഹിത്യസൃഷ്ടികൾ കീറിമുറിച്ച് നിരൂപണം ചെയ്യുമായിരുന്നു. നിശിത വിമർശനവും കൊടിയ പരിഹാസവുമായിരുന്നു ഇത്തരം നിരൂപണങ്ങളുടെ പൊതുസ്വഭാവം. ''ഇത്തരമൊരു സാധനമെഴുതാൻ തനിക്ക് നാണമില്ലെടോ'' എന്നു ചോദിച്ചാകും ചർച്ച തുടങ്ങുക തന്നെ. കോലായയിലെ പരിഹാസശരങ്ങൾ പേടിച്ച് ഞങ്ങളുടെ കൂട്ടത്തിലെ പലരും എഴുതുന്നത് കുറച്ചുവെന്നതാണ് ഏറെ തമാശ. അതിഥികളായി ചിലരെത്താറുണ്ടായിരുന്നു. ഉറൂബും സംവിധായകൻ ജി. അരവിന്ദനുമൊക്കെയായിരുന്നു അതിഥിതാരങ്ങൾ. ചർച്ചയിലിടപെടാതെ മൗനിയായി എല്ലാം കേൾക്കുകയെന്നതാണ് അരവിന്ദന്റെ സ്വഭാവം. ഏറെ നിർബന്ധിച്ചാൽ എന്തെങ്കിലും രണ്ടു വാക്ക് പറഞ്ഞാലായി, അത്ര തന്നെ. കോലായയിൽ നടന്ന സാഹിത്യചർച്ചകൾ ക്രോഡീകരിച്ച് 'കോലായ' എന്ന പേരിൽ തന്നെ പുസ്തകമാക്കിയിരുന്നു. 68 ൽ എനിക്ക് കൊച്ചിയിലേക്ക് സ്ഥലം മാറ്റം ലഭിച്ചതോടെ ആ കൂട്ടായ്മ ഇല്ലാതായി.

പഴയ കോഴിക്കോടിനെക്കുറിച്ചോർക്കുമ്പോൾ പിന്നെ മനസ്സിൽ വരുന്നത് ടൗൺഹാളിൽ വർഷാവർഷം നടക്കുന്ന നാടകോത്സവമാണ്. കോഴിക്കോട് കേന്ദ്രകലാസമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന മേളയുടെ മുഖ്യസംഘാടകർ വി. അബ്ദുള്ളയും എം. അബ്ദുറഹ്മാൻ സാഹിബുമായിരുന്നു. എട്ടു ദിവസം നീളുന്ന നാടകോത്സവത്തിൽ ദേശപോഷിണി, ബ്രദേഴ്സ് മ്യൂസിക് ക്ലബ് തുടങ്ങി ജില്ലയ്ക്കകത്തും പുറത്തുനിന്നുമുള്ള ഒട്ടേറെ നാടകടൂപ്പുകൾ പങ്കെടുക്കും. ടൗൺഹാൾ നിറഞ്ഞുകവിയുന്ന ജനക്കൂട്ടമാണ് ഓരോ നാടകത്തിനും കാണികളായുണ്ടാവുക.

പഴയ കോഴിക്കോടിന്റെ പ്രത്യേകതകളായിരുന്നു ഇവിടെ നടന്നുവരാറുള്ള ഫുട്ബോൾ മത്സരങ്ങൾ. ചാലഞ്ചേഴ്സിന്റെ ഡിക്രൂസ്, ലേബൻ, ജനാർദനൻ, ബാലഗോപാൽ തുടങ്ങിയവരാണ് അന്നത്തെ പേരുകേട്ട കളിക്കാർ. സേഠ് നാഗ്ജി ഫുട്ബോൾ ടൂർണമെൻറ്, പൂതേരി കുടുംബം നടത്തിയ കാലിക്കറ്റ് ഫുട്ബോൾ ടൂർണമെൻറ് എന്നീ മത്സരങ്ങളിൽ പങ്കെടുക്കാൻ മോഹൻബഗാൻ അടക്കമുള്ള രാജ്യത്തെ എണ്ണംപറഞ്ഞ ടീമുകളൊക്കെ ഈ നഗരത്തിലെത്തി. ഞാനും വിംസിയും കൂടിയാണ് ഈ മത്സരങ്ങൾ റിപ്പോർട്ട് ചെയ്യാൻ പോകുക. മത്സരഫലം അടങ്ങുന്ന വാർത്ത ഞാനെഴുതും, മൊത്തത്തിലുള്ള അവലോകനവും കളിയിലെ നിർണായകമുഹൂർത്തങ്ങളും വിംസിയെഴുതും. അതായിരുന്നു പതിവ്. അന്ന് പത്രങ്ങൾ സ്പോർട്സ് വാർത്തകൾക്കായി കാര്യമായി സ്ഥലം മാറ്റിവെച്ചിരുന്നില്ല. വിംസിയുടെ ഉത്സാഹത്തിൽ മാതൃഭൂമിയാണ് സ്പോർട്സ് പേജിനു തുടക്കം കുറിച്ചത്.

എന്തു പരിപാടിക്കും കാണികളെ കിട്ടുമെന്നതാണ് ഈ നഗരത്തിൽ ഞാൻ കാണുന്ന പ്രത്യേകത. ധാരാസിങ്ങിന്റെ ഗുസ്തിയായാലും തലത് മഹമൂദിന്റെ ഗസൽ കച്ചേരിയാണെങ്കിലും കാണികളായി ആയിരങ്ങളുണ്ടാകും. നട്ടുച്ചനേരത്ത് നടന്ന ഒരു കവിസമ്മേളനത്തിനെത്തിയവരെക്കൊണ്ട് ഹാൾ നിറഞ്ഞു കവിയുന്നത് കണ്ട് ഞാൻ അദ്ഭുതപ്പെട്ടിട്ടുണ്ട്. ഇപ്പോഴും അതിനു മാറ്റം വന്നിട്ടില്ല. നഗരമേറെ മാറിയെങ്കിലും ആളുകൾക്ക് മാറ്റം വന്നിട്ടില്ലെന്നത് ഏറെ സന്തോഷം പകരുന്ന കാര്യം തന്നെ. അതുകൊണ്ടാകും പൊന്നാനിക്കാരനായ ഞാൻ ജോലിയിൽ നിന്നു വിരമിച്ചിട്ടും ഇവിടെത്തന്നെ കൂടാൻ കാരണം. പഴയ കോലായക്കൂട്ടത്തിൽ കുറേപേർ ഈ ലോകം വിട്ടുപോയി. ഇടയ്ക്ക് എം.ജി.എസ്സിനെ കാണും. അക്കിത്തം ഫോണിൽ വിളിക്കും. തെളിവാർന്ന സൗഹൃദങ്ങളും സ്നേഹവും എനിക്ക് ആവോളം പകർന്നുതന്ന നഗരമാണ് കോഴിക്കോട്. ഓർമകളുടെ കോലായമുറ്റത്ത് പഴയ സുഹൃത്തുക്കളുടെ മുഖം ഇപ്പോഴുമുണ്ട്.